**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5468** **05-07-2024 - ൽ മറുപടിയ്ക്ക്**

**ഗതാഗത നിയമം ലംഘിച്ചതിനുള്ള പിഴ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഗതാഗത നിയമം ലംഘിച്ചതിന് എത്ര തുക പിഴയായി ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; പിഴ ഈടാക്കാൻ തീരുമാനിച്ച എത്ര കേസുകളിൽ ഇനി എത്ര തുക പിരിഞ്ഞു കിട്ടാൻ ബാക്കിയുണ്ട്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | 2016 മെയ് മുതൽ 2020 മെയ് മാസം വരെ ഓഫീസുകളിൽ ഉദ്യോഗസ്ഥർ മോട്ടോർ വാഹന നിയമലംഘനങ്ങൾക്കെതിരെ ചെക്ക് റിപ്പോർട്ടുകൾ തയ്യാറാക്കുകയും പിഴ ഈടാക്കാനായി ചെലാൻ തയ്യാറാക്കി നിയമ ലംഘകരുടെ വിലാസത്തിൽ അയച്ചു നൽകുകയും ചെയ്യുന്ന നിലയിലായിരുന്നു. ടി വിവരങ്ങളുടെ ക്രോഡീകരിച്ച കണക്ക് ലഭ്യമല്ല. 2020 ജൂൺ 1 മുതൽ 2024 ജൂൺ 30 വരെയുള്ള ഗതാഗത നിയമ ലംഘനങ്ങളെ സംബന്ധിച്ചുള്ള വിവരം ഇ-ചെലാൻ പോർട്ടൽ വഴി ലഭ്യമാണ്. 2020 മുതൽ 2024 വരെയുള്ള ഗതാഗത നിയമലംഘനങ്ങളെ സംബന്ധിച്ചുള്ള വിവരം ഇ-ചെലാൻ പോർട്ടൽ വഴി ലഭ്യമാണ്.<br><br>2020 മുതൽ 2024 വരെയുള്ള കാലയളവിൽ ചെലാനുകൾ തയ്യാറാക്കി നിയമ ലംഘകരിൽ നിന്നും പിഴ ചുമത്തിയ ഇനങ്ങളിൽ പിരിച്ചെടുത്ത തുകയെയും പിരിച്ചെടുക്കാനുള്ള തുകയെയും സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്ത് ഗതാഗത നിയമലംഘനം കണ്ടെത്തുന്നതിന് ആകെ എത്ര എ.ഐ. ക്യാമറകൾ സ്ഥാപിച്ചിരുന്നെന്നും നിലവിൽ ഇതിൽ എത്ര എണ്ണം പ്രവർത്തനക്ഷമമാണെന്നും പ്രവർത്തിക്കാത്തവ എത്രയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | നിയമലംഘനം കണ്ടെത്തുന്നതിന് 675 എ ഐ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. 15 എണ്ണം റോഡപകടങ്ങൾ മൂലവും 13 എണ്ണം റോഡ് വികസന പ്രവർത്തനങ്ങൾ മൂലവും താല്കാലികമായി പ്രവർത്തനരഹിതമാണ്. ബാക്കി 647 എണ്ണം പ്രവർത്തനക്ഷമമാണ്. |
| (സി) | ഗതാഗത നിയമം ലംഘിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള പിഴ ഒടുക്കുന്നതിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; പ്രസ്തുത കാലാവധി കഴിഞ്ഞ് പിഴ ഒടുക്കിയാൽ അത് എത്ര വീതമാണ് ഒടുക്കേണ്ടത്; വിശദാംശം ലഭ്യമാക്കുമോ? | (സി) | പിഴ ഈടാക്കുന്നതിന് കാലാവധി നിശ്ചയിച്ചിട്ടില്ല. ഗതാഗത നിയമലംഘനം കണ്ടെത്തി പിഴ ചുമത്തിയാൽ ഒരു മാസത്തിനകം പിഴ അടച്ചില്ലെങ്കിൽ ടി ചെലാൻ വെർച്വൽ കോർട്ടിലേക്ക് അയക്കപ്പെടുകയും 90 ദിവസം കഴിഞ്ഞാൽ യഥാർത്ഥ കോടതിയിലേക്ക് അയച്ചു നൽകുകയും ചെയ്യുന്നു. കോടതികൾ ഉയർന്ന തുക പിഴ |

| | | | |
|---|---|---|---|
| | | | നിശ്ചയിച്ചാൽ അപ്രകാരമുള്ള തുക അടക്കേണ്ടതായി വരും. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| വർഷം | പിരിച്ചെടുത്ത തുക | പിരിച്ചെടുക്കാനുള്ള തുക |
|---|---|---|
| 2020 | 18,03,08,748 | 8,71,84,438 |
| 2021 | 53,25,95,225 | 30,63,23,906 |
| 2022 | 83,08,54,756 | 57,65,94,519 |
| 2023 | 1,61,78,60,180 | 3,03,55,04,963 |
| 2024 (30/06/2024 വരെ ) | 47,29,37,067 | 2,45,75,43,336 |